മിനിസ്റ്റീരിയൽ ജീവനക്കാർ :

തസ്തിക	ഒഴിവുകളുടെ എണ്ണം
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	1
ക്ലാർക്ക്	21
ടൈപ്പിസ്റ്റ്	2
ഓഫീസ് അറ്റൻഡന്റ്	23
ഡ്രാഫ്റ്റ്സ്മാൻ	4
ഡ്രൈവർ	11
ആനപാപ്പാൻ	12
പാർട്ട് ടൈം സ്വീപ്പർ	4
നൈറ്റ് വാച്ചർ	2
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	3
ഓഫീസ് അറ്റൻഡർ	1

ഇക്കോ കേഡറ്റ് കോർ രൂപീകരണം

287 (2162) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവന്നിരിക്കുന്നത് ; വിശദമാക്കാമോ ;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിൽ നിന്നുള്ള വിവിധ സ്കൂളുകളിലെ യോഗ്യരായ കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് മാതൃകയിൽ ഇക്കോ കേഡറ്റ്സ് ആക്കി തീർക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇക്കോ കേഡറ്റ്സ് കോർപ്സിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. പരിസ്ഥിതി ബോധമുള്ള യുവതലമുറയെ വാർത്തെടുക്കുക
2. വിദ്യാർത്ഥികൾക്കിടയിൽ പരിസ്ഥിതി സംബന്ധമായ അവബോധം സൃഷ്ടിക്കുക.
3. പരിസ്ഥിതി സംരക്ഷണത്തിനായി ബ്രാന്റ് അംബാസിഡർമാരെ സൃഷ്ടിക്കുക.
4. പ്രകൃതിയേയും, പ്രകൃതി നിയമങ്ങളേയും ബഹുമാനിക്കുവാനും സംരക്ഷിക്കുവാനും യുവതലമുറയെ പ്രാപ്തരാക്കുക.
5. പരിസ്ഥിതി സംരക്ഷണത്തിനായി ചിന്താശക്തിയുള്ള യുവതലമുറയെ സൃഷ്ടിക്കുക.
6. കണ്ടൽക്കാട് സംരക്ഷണം, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയുടെ പുനഃസംരക്ഷണം എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ യുവതലമുറയിലൂടെ നടപ്പിലാക്കുക.
7. പ്രകൃതി സംരക്ഷണത്തിനായുള്ള കഴിവുകൾ വളർത്തിയെടുക്കാൻ ഓരോ വിദ്യാർത്ഥിയേയും ഉത്സുകരാക്കുക.

(സി) സംസ്ഥാന വനം വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സന്നദ്ധ സംഘടനകൾ, യുവജനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട രൂപരേഖയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കോ കേഡറ്റ് കോർപ്സ് നടപ്പിലാക്കുന്നതിനുവേണ്ട മറ്റു നടപടികൾ പ്രാരംഭഘട്ടത്തിലാണ്.